**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4033** — **19/03/2018 ൽ മറുപടിക്ക്**

## സ്വകാര്യ കശുവണ്ടി ഫാക്ടറികൾ

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സ്വകാര്യ കശുവണ്ടി ഫാക്ടറികളുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് 750 രജിസ്റ്റേർഡ് കാഷ്യൂ ഫാക്ടറികളുള്ളതിൽ 410 കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ ലൈസൻസ് നൽകുന്നതാരാണെന്നും ഇതിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ ഏതെല്ലാം വകുപ്പുകളാണ് നടത്തുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | ഡയറക്ടർ ഫാക്ടറീസ് & ബോയിലേഴ്സ് ആണ് കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ ലൈസൻസ് നൽകുന്നത്. ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റ്, ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇൻസ്പെക്ഷൻ വിങ്ങ്, മലിനീകരണ നിയന്ത്രണ ബോർഡ്,ലീഗൽ മെട്രോളജി മുതലായ വകുപ്പുകളാണ് ഫാക്ടറികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ നടത്തുന്നത്. കാഷ്യൂ സ്പെഷ്യൽ ഓഫീസർ ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. |
| (സി) | സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ അസംസ്കൃത തോട്ടണ്ടി എവിടെനിന്ന് ലഭ്യമാക്കുന്നുവെന്നും ഏതെങ്കിലും സർക്കാർ ഏജൻസികൾ തോട്ടണ്ടി വിതരണം ചെയ്യുന്നുണ്ടോ എന്നും വ്യക്തമാക്കാമോ; | (സി) & (ഡി) | ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും സ്വകാര്യ മുതലാളിമാർ നേരിട്ടാണ് ഇറക്കുമതി ചെയ്യുന്നത്. എന്നാൽ അടുത്ത കാലത്തായി ഇറക്കുമതി ചെയ്ത തോട്ടണ്ടി സംസ്കരണം നടത്താതെ ട്രേഡിംഗിൽ മാത്രം ഏർപ്പെട്ടത് ഈ മേഖലയിൽ ചൂഷണം വർദ്ധിപ്പിക്കാൻ കാരണമായി. ഇക്കാരണത്തിലാണ് ചെറിയ അളവിലെങ്കിലും ഇടപെടാൻ |
| (ഡി) | സ്വകാര്യ ഫാക്ടറികൾക്കാവശ്യമായിട്ടുള്ള തോട്ടണ്ടി സർക്കാർ ഏജൻസികൾ | | |

| | |
|---|---|
| വിതരണം ചെയ്ത് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | കഴിയുമോ എന്നതിന് സംസ്ഥാന സർക്കാർ പുതിയതായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ശ്രമിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**